ജൂൺ 29 – ജൂലൈ 5

# പാഠം 1
# ദൈവം സൃഷ്ടിച്ചു....

**വായിക്കുക:** ഉല്പത്തി 1–3; അ.പ്രവൃത്തി 17:28; സങ്കീർത്തനം. 148; 24:1; ഉല്പത്തി 4:1–9; മത്തായി 22:37–39; വെളിപ്പാടു. 14:7.

**മനഃപാഠവാക്യം:** “എളിയവനെ പീഡിപ്പിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു, ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവനെ ബഹുമാനിക്കുന്നു” (സദൃശ. 14:31).

എന്തെങ്കിലും ഒന്നു സൃഷ്ടിക്കുവാൻ നിങ്ങൾ എപ്പോഴെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ? ഒരുപക്ഷേ ഒരു കലാരൂപം, അല്ലെങ്കിൽ കരകൗശല വസ്തു, ഒരു ഭക്ഷണം, അതുമല്ലെങ്കിൽ മറ്റേതെങ്കിലും സൃഷ്ടിപ്രവൃത്തി – എന്നിട്ടു നിങ്ങൾ അതിനെ ഒരാൾക്കു കൊടുത്തു; അയാൾ അതിനെ തകർത്തുകളയുകയോ തള്ളിക്കളയുകയോ മാത്രമാണു സംഭവിച്ചത്. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ, ദൈവം ഈ ലോകത്തെ സൃഷ്ടിച്ചു, മനുഷ്യർക്കു ജീവൻ നൽകിയതു പാപം തകർത്തു കളഞ്ഞപ്പോൾ ദൈവത്തിനുണ്ടായ അനുഭവത്തിന്റെ ഒരു ചെറിയ കാഴ്ചപ്പാടു നിങ്ങൾക്കുണ്ടായി.

ലോകം ശ്രദ്ധാപൂർവ്വം സൃഷ്ടിക്കപ്പെട്ടു എന്നും “വളരെ നല്ലതായി” സൃഷ്ടിക്കപ്പെട്ടു എന്നും ബൈബിൾ പറയുന്നു. തന്റെ സൃഷ്ടിയെ സംബന്ധിച്ചു ദൈവത്തിനു എന്തുതോന്നി എന്നതു ഉല്പത്തി 1,2 ലെ വിവരണത്തിൽ കാണപ്പെടുന്നു. ഉല്പത്തി 3 ലെ വീഴ്ചയുടെ കഥയും, താൻ സൃഷ്ടിച്ചുണ്ടാക്കിയ മനുഷ്യരെ പിന്നീടു നേരിടുമ്പോൾ ദൈവത്തിനുണ്ടായ ഹൃദയത്തകർച്ചയും ഈ പശ്ചാത്തലത്തിലാണു നാം വായിക്കേണ്ടത്.

പാപവും അക്രമവും അനീതിയും തുറന്ന മത്സരവും നിറഞ്ഞ സഹസ്രാബ്ദങ്ങൾക്കുശേഷവും ദൈവം തുടർന്നും ലോകത്തെ സ്നേഹിക്കുന്നു എന്നതു ശ്രദ്ധേയമാണ്. അതിലും ശ്രദ്ധേയമായി, ദൈവം തന്റെ രക്ഷാപദ്ധതി ലോകത്തെ പുനർസൃഷ്ടിക്കുമ്പോഴും തന്റെ കൂടുതൽ വലിയ പദ്ധതികളിൽ നമുക്കു ഭാഗധേയം നൽകിയിരിക്കുന്നു എന്നതു അത്യധികം ശ്രദ്ധേയമാണ്. അതേ, നാം ദൈവത്തിന്റെ കൃപ ലഭിച്ചവരാണു; പക്ഷേ നമുക്കു ലഭിച്ച കൃപയിൽ ദൈവത്തോടൊപ്പം ദൈവം നമ്മെ സഹപ്രവർത്തകർ ആക്കിയിരിക്കുന്നു. എത്ര പാവനമായ, വിശുദ്ധമായ ചുമതല!

# ദൈവം സൃഷ്ടിയുടെ ഒരു ലഘുദർശനം

ഈ ലോകവും അതിലുള്ള മുഴുവൻ ജീവനും, നമ്മുടെ ജീവനും അതിനെക്കൊണ്ടു നാം എന്തു ചെയ്യുന്നു എന്നതും, നമ്മുടെ ചുറ്റുപാടുമുള്ള ഓരോ ജീവിതവും നാം അവരോടു എങ്ങനെ ഇടപെടുന്നു എന്നതും, ജീവിതം തന്നെയും, എങ്ങനെ ഏറ്റവും നന്നായി ജീവിക്കുന്നു എന്നതും - ഇതെല്ലാം ദൈവത്തോടുകൂടി ആരംഭിക്കുന്നു. കാരണം "ദൈവത്തിലത്രേ നാം ജീവിക്കുന്നതും ചരിക്കുന്നതും നമ്മുടെ ജീവൻ നിലനിൽക്കുന്നതും" (അ.പ്ര. 17:28 NKJV). ഇവിടെയാണു ബൈബിൾ കഥ ആരംഭിക്കുന്നത്: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ. 1:1).

*ദൈവം കല്പിച്ചു അവയെ ഉളവാക്കി* എന്നതു ഒരു ശക്തിയെയും, നമുക്കു ചിന്തിച്ചു തുടങ്ങുവാൻപോലും കഴിയാത്ത ഒരു നടപടിയെയും ചൂണ്ടിക്കാണിക്കുന്നു.

എന്നിരുന്നാലും, ദൈവം അകലെ നിന്നല്ല സൃഷ്ടിച്ചതു; ദൈവം അത്യന്തം അടുപ്പമുള്ള വിധം ഉൾപ്പെട്ടിരുന്നു, ആദ്യമനുഷ്യ ജീവിയെ സൃഷ്ടിക്കുന്ന കാര്യം വന്നപ്പോൾ പ്രത്യേകിച്ചും (ഉല്പ. 2:7 കാണുക).

**ഉല്പത്തി 1:26-31 ൽ ആദ്യമനുഷ്യജീവികളുടെ സൃഷ്ടികഥ വായിക്കുക. ദൈവത്തെക്കുറിച്ചു എന്തു സുപ്രധാന വസ്തുതകളാണു ഈ വിവരണം നൽകുന്നത്? മനുഷ്യരെക്കുറിച്ചു ഇതു എന്തു പ്രധാന കാര്യങ്ങൾ പറയുന്നു?**

പ്രകൃതിയിൽ സമയം ചെലവഴിക്കുന്നതിൽനിന്നും, ദൈവസൃഷ്ടിയെ നോക്കിക്കാണുന്നതിൽനിന്നും, സ്രഷ്ടാവിന്റെ തന്നെ സ്വഭാവത്തെ അതിൽ ദർശിക്കുന്നതിലൂടെയും ദൈവത്തെകുറിച്ചു ധാരാളം പഠിക്കാൻ കഴിയുമെന്നു പറയപ്പെടുന്നു. എന്നാൽ, ദൈവം എങ്ങനെ ലോകത്തെ ഉളവാക്കി എന്നും, ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനെ പരിശോധിക്കുന്നതിൽനിന്നും ചിലകാഴ്ചപ്പാടുകൾ ലഭിക്കുന്നതാണ്. ഉദാഹരണമായി, ദൈവം ചിട്ട (ക്രമം) യുള്ള ദൈവം ആണെങ്കിൽ അതിനെ നമ്മൾ ദൈവസൃഷ്ടിയിൽ കാണുവാൻ പ്രതീക്ഷിക്കണം. ദൈവം ക്രിയാത്മകതയുള്ള ദൈവം ആണെന്നു നമ്മൾ വിശ്വസിക്കുന്നെങ്കിൽ, താൻ ഉണ്ടാക്കിയ ലോകത്തിൽ ക്രിയാത്മകതയുടെ അവിശ്വസനീയമായ ദൃഷ്ടാന്തങ്ങൾ കാണുന്നതിൽ നമ്മൾ അതിശയിക്കരുത്.

അപ്രകാരം, ദൈവം ബന്ധങ്ങളുടെ ദൈവം ആണെന്നു നാം വിശ്വസിക്കുന്നു. അതുകൊണ്ടു, ദൈവം എങ്ങനെയാണു ലോകത്തെ സംയോജിപ്പി

ച്ചതു എന്നതിൽ ബന്ധങ്ങളെ സുപ്രധാനമായ അന്തർഘടകങ്ങളായി നാം കാണുന്നു. ദൈവം മൃഗങ്ങളെ പരസ്പരബന്ധങ്ങളിൽ പൊരുത്തമുള്ള വയായി സൃഷ്ടിച്ചു. ദൈവത്തോടുതന്നെയും പരസ്പരവും ഇതര സൃഷ്ടി കളോടും ബന്ധമുള്ളവരായി ദൈവം മനുഷ്യരെയും സൃഷ്ടിച്ചു.

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവു പലവിധത്തിലും പരിമിതം ആയതിനാൽ, ദൈവത്തിന്റെ സ്വഭാവത്തെ നമ്മൾ കാണുന്നതിനു അനുസൃ തമായി, ലോകം എങ്ങനെ ആയിരിക്കണമെന്ന കാര്യം നമ്മൾ പരിഗണി ക്കണം.

**പാപത്തിന്റെ തിന്മ വ്യക്തമായി കാണാമെങ്കിലും, ലോകത്തെ ദൈവ സ്വഭാവത്തിന്റെ പ്രതിഫലനമായി കാണുവാൻ നിങ്ങളുടെ അറിവു എങ്ങനെ സഹായകമാണ്?**

**തിങ്കൾ** **ജൂലൈ 1**

## ഒരു സമ്പൂർണ്ണ ലോകം

ഏദനെനെക്കുറിച്ചു ഗൃഹാതുരത്വം തോന്നുവാൻ എളുപ്പമാണ്. ദൈവം ആദാമിനും ഹവ്വയ്ക്കും വേണ്ടി നിർമ്മിച്ച ഭവനത്തെക്കുറിച്ചുള്ള അതായതു, ഏദെൻ തോട്ടത്തെക്കുറിച്ചുള്ള വിവരണം നമ്മുടെ ഹൃദയങ്ങളിൽ ഒരു ആകാംക്ഷ ഉളവാക്കുന്നുണ്ട്. അങ്ങനെയുള്ള ഒരു ലോകം എപ്രകാരം പ്രവർത്തിച്ചു എന്നു നമുക്കു തോന്നിപ്പോകും.

സംതൃപ്തിയുടെയും സമ്പൂർണ്ണതയുടെയും ചിന്തയാകാം ദൈവത്തിനു ഉണ്ടായിരുന്നതെന്നു തോന്നിപ്പോകുന്നു: "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതെന്നു കണ്ടു" (ഉല്പ. 1:31). സൗന്ദര്യ മുള്ളതായും പ്രവർത്തനസജ്ജമായും ദൈവം ചിലതുണ്ടാക്കി. രൂപകല്പ നയിലും – ആകൃതിയിലും – പ്രായോഗികതയിലും – അതു തികവുള്ളതാ യിരുന്നു. അതു ജീവനും നിറവും കൊണ്ടു തുടിക്കുന്നതായിരുന്നു; അതേ സമയം ജീവൻ സമൃദ്ധമായി വളരുന്നതിനു വേണ്ടതെല്ലാം കൊണ്ടു നിറയ പ്പെട്ടുമിരുന്നു. താൻ ഉണ്ടാക്കിക്കൊണ്ടിരുന്ന ലോകം നല്ലതായിരുന്നു എന്നു കാണുവാൻ ദൈവം നോക്കി നിന്നു എന്നതിൽ അതിശയിക്കുവാനില്ല.

**ഉല്പത്തി 1 വായിക്കുക: നല്ലതു എന്നു ദൈവം കണ്ടു എന്നു ആവർ ത്തിച്ചു പറയുന്നതിന്റെ അർത്ഥം എന്താകാം? ഉല്പ: 1:4,10,12,18,25,31.**

തികച്ചും വീഴ്ചയ്ക്കുശേഷമാണു എഴുതപ്പെട്ടതെങ്കിലും, സ്വാഭാവിക ലോകത്തിന്റെ ആഘോഷങ്ങൾകൊണ്ടു ബൈബിൾ നിറയപ്പെട്ടിരിക്കുന്നു; ഇയ്യോബ് 38:41; സങ്കീർത്തനം 148 എന്നീ ഭാഗങ്ങളിൽ അവയിൽ ചിലതു കാണപ്പെടുന്നു. ആദ്യം സൃഷ്ടിക്കപ്പെട്ടപ്പോഴും പാപത്തിനുമുമ്പും ലോകം

എങ്ങനെ ആയിരുന്നു എന്നു പിന്നിലേക്കു തിരിഞ്ഞുനോക്കുന്ന വിധമല്ല വർത്ത മാനകാലത്തിൽ, ഇപ്പോഴും നമ്മുടെ ലോകത്തിൽ ദൃശ്യമായ നന്മയെ ആഘോഷിക്കും വിധമാണ് അവ എഴുതപ്പെട്ടിരിക്കുന്നത് എന്നു നാം ഓർമ്മി ക്കണം. ദൈവത്തിന്റെ നന്മയുടെയും കരുതലിന്റെയും ദൃഷ്ടാന്തങ്ങളെ യേശു തന്നെയും സ്വാഭാവിക ലോകത്തിൽനിന്ന് എടുത്തു കാണിച്ചുകൊണ്ട് (മത്താ. 6:26, 28:30), ദൈവത്തിൽ ആശ്രയിക്കുവാനും നമ്മെ ചുറ്റി നിൽക്കുന്ന ലഘുവായ ദാനങ്ങളെ അത്ഭുതത്തോടുകൂടി അഭിനന്ദിക്കുവാനും നമ്മോടു ആവശ്യപ്പെടുന്നു. നാം കണ്ണു തുറന്നു സൃഷ്ടിയിലെ അതിശയങ്ങളെ കാണു ന്നെങ്കിൽ നമ്മുടെ സ്രഷ്ടാവിൽനിന്നു വിസ്മയകരമായ ദാനങ്ങളെ നമുക്കു ലഭിച്ചു എന്നു സത്യമായി തിരിച്ചറിയാൻ കഴിയും. നമ്മുടെ പ്രതികരണം, പരിശോധനകളുടെ മധ്യത്തിലും സംതൃപ്തിയുടെയും നന്ദിയുടെയും ദാന ദാതാവിനോടുള്ള സമർപ്പണത്തിന്റെയും ഒന്നായിരിക്കേണം.

സൃഷ്ടിപ്പിനെ ആഘോഷിക്കുകയും വരുവാനുള്ള ദൈവരാജ്യത്തെ പ്രതീക്ഷിക്കുകയും ചെയ്യുന്ന സെവെന്ത്ഡേ അഡ്വന്റിസ്റ്റുകളായ നാം, ലോക ത്തിൽ കാണുകയും അനുഭവിച്ചറിയുകയും ചെയ്യുന്ന സൗന്ദര്യം, ആനന്ദം, നന്മ എന്നിവയെ നമ്മുടെ ലോകം ഒരിക്കൽ എങ്ങനെ ആയിരുന്നു, എന്നു വീണ്ടും എങ്ങനെ ആയിവരും എന്നും തിരിച്ചറിയുന്നതിനായി ഉപയോഗിക്കണം.

**സ്വാഭാവിക ലോകത്തെ സംബന്ധിച്ചുള്ള നിങ്ങളുടെ അനുഭവത്തിൽ, സൃഷ്ടിയുടെ അതിശയങ്ങളായി നിങ്ങൾ എന്തിനെയൊക്കെ അഭിനന്ദി ക്കുന്നു? നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ, സ്വാഭാവിക ലോക ത്തിന്റെ അത്ഭുതങ്ങളിലൂടെ നിങ്ങളുടെ കർത്താവിനെ കൂടുതൽ നന്നായി അറിയുന്നതിനു നിങ്ങൾക്കു എങ്ങനെ കഴിയും?**

**ചൊവ്വ** **ജൂലൈ 2**

## ഭൂമിയുടെ കാര്യവിചാരകർ

ബൈബിൾ രേഖകളിൻ പ്രകാരം ഏദെൻതോട്ടവും പുതുതായി സൃഷ്ടി ക്കപ്പെട്ട ഭൂമിയും ജീവൻ തഴച്ചുവളരുന്നതിനും പ്രത്യേകിച്ചു മനുഷ്യർക്കു ആസ്വദിക്കുന്നതിനും വേണ്ടിയുള്ള സമൃദ്ധിയുടെ സ്ഥലങ്ങളായിരുന്നു.

എന്നാൽ ദൈവം ആദ്യമനുഷ്യനും സ്ത്രീക്കും - അവർക്കു ശേഷമുള്ള നമുക്കും - സൃഷ്ടിപ്പിൽ ഒരു ഭാഗം നൽകി. അതു വളരെ പെട്ടെന്നു തന്നെ വ്യക്തമായി - കേവലം ദൈവത്തിന്റെ സൃഷ്ടി രീതി നിമിത്തമല്ല - പുതിയ ലോകത്തിൽ ആദാമിനും ഹവ്വയ്ക്കും ഒരു പ്രത്യേക പദവി ലഭിച്ചു.

ആദാമിനു ആദ്യം ലഭിച്ച ജോലി മൃഗങ്ങൾക്കും പക്ഷികൾക്കും പേരിടു ന്നതായിരുന്നു (ഉല്പ. 2:19). ദൈവത്തിൽനിന്നു നേരിട്ടുള്ള ഒരു അനുഗ്രഹ

മായി പിന്നീടു ആദാമിനു വേറൊരു കർത്തവ്യം നൽകപ്പെട്ടു: “ദൈവം അവരെ അനുഗ്രഹിച്ചുകൊണ്ടു അവരോടു പറഞ്ഞു: ‘നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്ര ത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ’ (ഉല്പ. 1:28).

**ഉല്പ. 1:28, 2:15 വായിച്ചു താരമത്യം ചെയ്യുക. മനുഷ്യന്റെ ജോലിവിവ രണത്തിലെ പ്രത്യേകതകളെ നിങ്ങൾ എപ്രകാരം വ്യക്തമാക്കും?**

ക്രിസ്തീയചരിത്രത്തിൽ പലപ്പോഴും, ഉല്പത്തി 1:28നെ സ്വാഭാവിക ലോകത്തെ നശിപ്പിക്കുന്ന ഘട്ടത്തോളം, ചൂഷണം ചെയ്യുന്നതിനുള്ള അനു മതിയായി ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്നു. അതെ, വ്യക്തമായും ഭൂമി മനുഷ്യജീവിതത്തിനും അവരുടെ പ്രയോജനത്തിനും ആസ്വാദനത്തിനു മായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അതിൽ “പ്രവർത്തിക്കുകയും അതിനെ സംരക്ഷിക്കുകയും” ചെയ്യുന്നതാണു മനുഷ്യന്റെ ചുമതല (ഉല്പ 2:15).

നമ്മൾ കാര്യവിചാരകത്വത്തെക്കുറിച്ചു പറയുമ്പോൾ നമ്മുടെ ആദ്യചിന്ത പലപ്പോഴും പണത്തെക്കുറിച്ചാകും. കാര്യവിചാരകത്വത്തെ സംബന്ധിച്ച ബൈബിളിലെ ആദ്യ ആജ്ഞ ആകട്ടെ, ദൈവം സൃഷ്ടിച്ചു നമ്മെ ഏല്പിച്ചിരി ക്കുന്ന ഭൂമിയെ സംരക്ഷിക്കുവാൻ ഉള്ളതാണ്. ആദാമിനും ഹവ്വയ്ക്കും നൽക പ്പെട്ട ആജ്ഞ, ഭൂമി അവരുടെ മക്കളുമായും പിൻവരുന്ന തലമുറകളുമായും പങ്കുവയ്ക്കപ്പെടുന്നതിനെയും മുൻകൂട്ടി കാണുന്നതായിരുന്നു. ലോകത്തി നായുള്ള മൂലപദ്ധതിപ്രകാരം, സൃഷ്ടിക്കപ്പെട്ട ഭൂമി സർവ്വമനുഷ്യർക്കും ജീവ ന്റെയും നന്മയുടെയും സൗന്ദര്യത്തിന്റെയും ഉറവിടമായി എന്നും തുടരുവാൻ ഉള്ളതായിരുന്നു. അതിനെ സംരക്ഷിക്കുന്നതിൽ ആദാമിനും ഹവ്വയ്ക്കും വലിയ പങ്കാണു ഉണ്ടായിരുന്നത്.

ഭൂമി ഇപ്പോഴും ദൈവത്തിനുള്ളതാണു (സങ്കീ. 24:1), ദൈവം നമുക്കു തന്നിട്ടുള്ള സകലത്തിനും കാര്യവിചാരകരായി നാം വിളിക്കപ്പെട്ടുമിരി ക്കുന്നു. ഒരുപക്ഷേ നമുക്കു ഇപ്രകാരം ഉപസംഹരിക്കാം – വീഴ്ച ഭവിച്ച തായ ഒരു ലോകത്തിൽ കാര്യവിചാരകർ എന്ന നിലയിൽ നമ്മുടെ ചുമതല ഇനിയും കൂടുതലാണ്.

**വീഴ്ച ഭവിച്ച ഒരു ലോകത്തിൽ, ഭൂമിയുടെ കാര്യവിചാരകൻ ആയി രിക്കുക എന്നതുകൊണ്ട് നിങ്ങൾ എന്തു അർത്ഥമാക്കുന്നു? ഈ ഉത്തര വാദിത്വം തിരിച്ചറിയുന്നതു നിങ്ങളുടെ ദൈനം ദിന ജീവിതത്തെ എപ്ര കാരം ബാധിക്കുന്നു?**

# ഒരു തകർന്ന ലോകം

മറ്റൊന്നിനും നൽകാതെ ആദാമിനും ഹവ്വയ്ക്കും മാത്രം നൽകിയ ഒന്നായിരുന്നു *ധാർമ്മിക* സ്വാതന്ത്ര്യം. ചെടികൾ ജന്തുക്കൾ, വൃക്ഷങ്ങൾ എന്നിവയ്ക്കൊന്നും കഴിയാത്തവിധം അവർ ധാർമ്മിക ജീവികൾ ആയിരുന്നു. തന്റെ ജനം അനുസരണക്കേടു തിരഞ്ഞെടുക്കുന്നതിനുള്ള സാദ്ധ്യത അനുവദിച്ചുകൊണ്ടു ദൈവം ധാർമ്മിക സ്വാതന്ത്ര്യത്തെ അത്രമാത്രം വിലമതിച്ചു. അങ്ങനെ ചെയ്തുകൊണ്ടു. സ്നേഹത്തിലും സ്വതന്ത്ര ഇഷ്ടത്തിലും അധിഷ്ഠിതമായി കൂടുതൽ വലിയ ഒരു ബന്ധം തന്റെ മനുഷ്യസൃഷ്ടികളുമായി ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ താൻ സൃഷ്ടിച്ച സകലത്തെയും നഷ്ടമാക്കുന്ന ഒരു സാഹസത്തിനു ദൈവം ഒരുങ്ങി.

എന്നാൽ ഒരു നാശകൻ, (ദൂതന്മാർക്കും ഈ ധാർമ്മിക സ്വാതന്ത്ര്യം നിലനിന്നിരുന്നു) ദൈവം ഉണ്ടാക്കിയ നല്ലതും തികവുറ്റതുമായ ലോകത്തെ തകിടം മറിക്കുവാൻ ആഗ്രഹിച്ച ഒരുവൻ അവിടെ ഉണ്ടായിരുന്നു. ഭൂമിയിലെ ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയായ മനുഷ്യരെക്കൊണ്ടു അതുചെയ്യിക്കുവാൻ അവൻ ഉദ്ദേശിച്ചു. സർപ്പത്തിലൂടെ സംസാരിച്ചുകൊണ്ടു, പിശാചു, ദൈവം ഒരുക്കിയ സകലത്തിന്റെയും പൂർണ്ണതയെയും തികവിനെയും ചോദ്യം ചെയ്തു (ഉല്പ. 3:1-5 കാണുക). ദൈവം അവർക്കു നൽകിയതിൽ അധികം ആഗ്രഹിക്കുവാനും, ദൈവത്തിന്റെ നന്മയെ സംശയിക്കുവാനും, തങ്ങളിൽ തന്നെ ആശ്രയിക്കുവാനും പ്രേരിപ്പിക്കുന്നതായിരുന്നു പ്രഥമ പരീക്ഷ.

ആ തിരഞ്ഞെടുപ്പിലും ആ പ്രവൃത്തിയിലും, ദൈവം വിഭാവനം ചെയ്തിരുന്ന സൃഷ്ടിയുടെ സമ്പൂർണ്ണമായ ബന്ധങ്ങൾ തകർന്നുപോയി. ദൈവവുമായി അവർക്കു ഉദ്ദേശിക്കപ്പെട്ടിരുന്ന ബന്ധം ആസ്വദിക്കുവാൻ ആദാമിനും ഹവ്വയ്ക്കും പിന്നെ ഒരിക്കലും കഴിഞ്ഞില്ല (ഉല്പ. 3:8-10). ഈ രണ്ടു മനുഷ്യജീവികൾ വേഗത്തിൽ തങ്ങൾ നഗ്നരും ലജ്ജിതരും ആണെന്നു തിരിച്ചറിഞ്ഞു; അവരുടെ പരസ്പരബന്ധം മിക്കവാറും നന്നാക്കാൻ കഴിയാത്ത വിധം മാറ്റപ്പെട്ടു. ഭൂമിയിലെ മറ്റുള്ളവയുമായുള്ള അവരുടെ ബന്ധവും, ക്ലേശകരവും തകർന്നതുമായി.

**ഉല്പത്തി 3:16-19 വായിക്കുക. മനുഷ്യജീവികളും സ്വാഭാവിക ലോകവുമായുള്ള ബന്ധങ്ങളും എങ്ങനെ മാറ്റപ്പെട്ടു?**

പാപത്തിന്റെ യാഥാർത്ഥ്യം നിമിത്തം ആദാമിനും ഹവ്വയ്ക്കും ശേഷം സൃഷ്ടിക്കും ജീവിതം പെട്ടെന്നു ഏറെ കഠിനമായി മാറി. മനുഷ്യത്വത്തെയും നമ്മുടെ ബന്ധങ്ങളെയും ബാധിക്കുമ്പോൾ പ്രത്യേകിച്ചും പാപത്തിന്റെ അനന്തരഫലങ്ങൾ യഥാർത്ഥമാണ്. ഒരർത്ഥത്തിൽ, നമ്മുടെ സ്രഷ്ടാവായ ദൈവ

ത്തിൽനിന്നും നമ്മൾ അകലെയാണ്. നമ്മുടെ കുടുംബങ്ങളും പലവിധ ത്തിൽ ബാധിക്കപ്പെടുന്നു; മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധങ്ങൾക്കും പല പ്പോഴും ഒരു വെല്ലുവിളി ആകുന്നു. സ്വാഭാവിക അന്തരീക്ഷവുമായുള്ള ബന്ധ ത്തിലും നാം ജീവിക്കുന്ന ലോകവുമായുള്ള ബന്ധത്തിലും നാം കഠിനമായി ക്ലേശിക്കേണ്ടിവരുന്നു. നമ്മുടെ ജീവിതങ്ങളുടെ എല്ലാവശങ്ങളും നമ്മുടെ ലോകവും പാപം ഉളവാക്കിയ തകർച്ചയെ കാണിക്കുന്നു.

ദൈവം സൃഷ്ടിച്ച ലോകം പക്ഷേ ഇങ്ങനെയല്ല ആയിരിക്കേണ്ടത്. ഉല്പത്തി 3 ൽ പറയപ്പെട്ടിരിക്കുന്ന "ശാപങ്ങൾ" തന്നെയും ഒരു വാഗ്ദാനം കൊണ്ടുവരുന്നു. ലോകത്തെ പുനർസൃഷ്ടിക്കുന്നതിനും പാപം ഉണ്ടാക്കിയ ബന്ധങ്ങളിലെ തകർച്ചയെ പരിഹരിക്കുന്നതിനും ഉള്ളതാണു ആ വാഗ്ദാനം. പാപത്തോടും അതിന്റെ ദൂഷ്യഫലങ്ങളോടും നാം പോരാടുമ്പോൾ തന്നെ, നമ്മുടെ ജീവിതങ്ങളിൽ ആ ആദിമ നന്മയെ നാം ഉയർത്തിപ്പിടിക്കുകയും ഈ ലോകത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിപ്രകാരം നാം ജീവി ക്കുകയും വേണം.

**വ്യാഴം** **ജൂലൈ 4**

## മനുഷ്യകുടുംബത്തിന്റെ വലപ്പണി (Web)

പാപത്തിന്റെ ആഗമനത്തോടെ ലോകത്തിന്റെ തകർച്ചയ്ക്ക് അധിക കാലം വേണ്ടിവന്നില്ല. അസൂയ, തെറ്റിദ്ധാരണ, കോപം എന്നിവയാൽ ഉള വായ ആദ്യ കൊലപാതകത്തിൽ ആദ്യ സഹോദരന്മാർ ഉൾപ്പെട്ടു. ദൈവം കയീനോടു അവന്റെ പാപത്തെക്കുറിച്ചു ചോദിച്ചപ്പോൾ അവന്റെ മറുപടി വിപരീതവും തിരിച്ചടിക്കുന്നതും ആയിരുന്നു. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ? (ഉല്പ. 4:9- KJV).

ദൈവത്തിന്റെ ആദ്യ ചോദ്യത്തിന്റെ അന്തർലീനമായ ഉത്തരം ആകട്ടെ, "അതേ, തികച്ചും നീ നിന്റെ സഹോദരന്റെ കാവൽക്കാരൻ ആകുന്നു."

**സദൃശ. 22:2 വായിക്കുക. ലളിതമായി തോന്നാവുന്ന ഈ പ്രസ്താവ നയുടെ ഉള്ളടക്കം എന്താകുന്നു? സഹമനുഷ്യരുമായുള്ള നമ്മുടെ ബന്ധ ത്തെക്കുറിച്ചു ഈ പ്രസ്താവനയിൽ എന്തു പറയുന്നു?**

നാം കണ്ടുമുട്ടുന്ന ഓരോരുത്തരും ദൈവസൃഷ്ടിയിൽ ഒരാളാണു; ദൈവ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവർ. പൊട്ടി ശിഥിലമായെങ്കിലും നമ്മെയെല്ലാം കൂട്ടി യോജിപ്പിക്കുന്ന ബന്ധങ്ങളുടെ വലപ്പണിയിലെ ഓരോ ഭാഗങ്ങളാണു ഓരോ രുത്തരും. "മാനവവലപ്പണിയിൽ നാം എല്ലാവരും നെയ്തു ചേർക്കപ്പെട്ടിരി ക്കുന്നു. വലിപ്പമേറിയ മാനവസാഹോദര്യത്തിന്റെ ഏതെങ്കിലും ഭാഗത്തു സംഭവിക്കുന്ന ദോഷം മുഴുവൻ ഭാഗത്തിനും നാശം കൊണ്ടുവരും (Ellen G. White, the Ministry of Healing, P. 345). ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, ഈ പൊതു

വായ പരസ്പരബന്ധം നിമിത്തം നമുക്കു ദൈവത്തോടും നമുക്കു തമ്മിൽ തമ്മിലും ദൈവദത്തമായ ഒരു ഉത്തരവാദിത്വം ഉണ്ട് (മത്താ. 27:37–39).

ദൈവം നമ്മുടെ സ്രഷ്ടാവാകുന്നു എന്ന അവകാശവാദം ബൈബിളിൽ ആകമാനം തുടരെ വരുന്നു. ഉദാഹരണത്തിന് ശബ്ബത്തിനെ ഓർക്കുന്നതിനു അതൊരു കാരണമാകുന്നു (പുറ. 20:8–11); അന്ത്യകാലത്തു ദൈവത്തെ ആരാധിക്കുന്നതിനു അതു മാറ്റൊരു കാരണമാണു (വെളി. 14:7). മറ്റുള്ളവരെക്കുറിച്ചു കരുതുന്നതിനും നിർഭാഗ്യരായവരെക്കുറിച്ചുള്ള വിചാരത്തിനും അതൊരു പ്രാഥമിക പ്രോത്സാഹനമാണ്.

ദൈവത്തിലെ നമ്മുടെ പൊതുവായ ഉത്ഭവത്തിന്റെ ബന്ധം നമ്മെ എല്ലാവരെയും കൂട്ടിയിണക്കുന്നു. "എളിയവനെ പീഡിപ്പിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു; ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവനെ ബഹുമാനിക്കുന്നു (സദൃശ. 14:31). ആ പരസ്പര ബന്ധം എത്രമാത്രം വ്യക്തമാണ്?

നമ്മുടെ സ്രഷ്ടാവെന്ന നിലയിൽ ദൈവത്തിനു നമ്മുടെമേൽ ഒരു അവകാശവാദം ഉണ്ട്. നമ്മുടെ ആരാധനയും സേവനവും മറ്റുള്ളവർക്കായുള്ള നമ്മുടെ കരുതലും അടക്കം നമ്മുടെ ജീവിതം ആകമാനവും അതു ആവശ്യപ്പെടുന്നു. ചിലപ്പോൾ പ്രയാസമേറിയതും വിഷമകരവും അസൗകര്യമുള്ളതും ആയിരുന്നാലും, നാം "സഹോദരന്റെ കാവൽക്കാരൻ" ആണെന്നതിൽ തർക്കമില്ല.

**ദൈവം സ്രഷ്ടാവാണെന്ന അവകാശവാദം ബൈബിളിൽ തുടരെ കാണുന്നതു എന്തുകൊണ്ടാണെന്നു നിങ്ങൾ കരുതുന്നു? എന്തുകൊണ്ട് ഇത് ഏറെ പ്രധാനം ആകുന്നു? നാം മറ്റുള്ളവരോടു എങ്ങനെ ഇടപെടുന്നു എന്നതു ഇതിനെ എങ്ങനെ ബാധിക്കുന്നു?**

**വെള്ളി** **ജൂലൈ 5**

**കൂടുതൽ പഠനം:** Read Ellen G. White, "the creation," PP. 44:51, in Patriarchs and Prophets.

"ദൈവം സ്നേഹം ആകുന്നു'.... തന്റെ പ്രകൃതവും, തന്റെ നിയമവും സ്നേഹം തന്നെ. ഇതു എപ്പോഴും അങ്ങനെ ആയിരിക്കുന്നു; എപ്പോഴും അങ്ങനെ തന്നെ ആയിരിക്കും; ഉന്നതനും ഉയർന്നിരിക്കുന്നവനും ആയവൻ നിത്യതയിൽ അധിവസിക്കുന്നു; അവിടത്തെ 'വഴികൾ' അന്തം ഇല്ലാത്തവയാണ്. ഒരിക്കലും മാറുന്നില്ല, ദൈവത്തിൽ 'മാറ്റമില്ല', തിരിച്ചിലിന്റെ നിഴലുമില്ല...

സൃഷ്ടിശക്തിയുടെ ഓരോ വെളിപ്പെടലും അനന്തസ്നേഹത്തിന്റെ മുഖശോഭയാണ്. ദൈവത്തിന്റെ പരമാധികാരം, സൃഷ്ടിക്കപ്പെട്ട സകല

ജീവികൾക്കുമുള്ള അനുഗ്രഹത്തിന്റെ നിറവ് ഉൾക്കൊള്ളുന്നതാണ്" Patriarchs and Prophets. P. 33.

"മനുഷ്യർ ദൈവത്തിന്റെ സ്വത്തുക്കളുടെ വിശ്വസ്തകാര്യവിചാരകരായി തങ്ങളുടെ കർത്തവ്യം, നിറവേറ്റിയിരുന്നെങ്കിൽ, അപ്പത്തിനായുള്ള മുറവിളി ഉണ്ടാകുമായിരുന്നില്ല, അശരണർ ഉണ്ടാകുമായിരുന്നില്ല, നഗ്നരും ഇല്ലായ്മക്കാരും ഉണ്ടാകുമായിരുന്നില്ല. മനുഷ്യരുടെ അവിശ്വസ്തതയാണു മാനവരാശി മുങ്ങിക്കിടക്കുന്ന കഷ്ടപ്പാടിന്റെ ദുരവസ്ഥ കൊണ്ടുവരുന്നത്. ദൈവം മനുഷ്യരെ തന്റെ കാര്യവിചാരകർ ആക്കിയിരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ കഷ്ടപ്പാടുകൾക്കും, ദുരിതങ്ങൾക്കും, നഗ്നതയ്ക്കും ഇല്ലായ്മകൾക്കും ദൈവത്തെ കുറ്റപ്പെടുത്തുവാനില്ല. ദൈവം സകലർക്കും വേണ്ടതു ധാരാളമായി നൽകിയിട്ടുണ്ട്." ദൈവം സകലർക്കും വേണ്ടതു ധാരാളമായി നൽകിയിട്ടുണ്ട്" (Ellen G. White, welfare Ministry, P. 16).

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. മുകളിൽ കൊടുത്തിട്ടുള്ള എലൈൻ ജി. വൈറ്റിന്റെ പ്രസ്താവന ശ്രദ്ധിച്ചു കാണുക. അവർ എന്താണു പറഞ്ഞിരിക്കുന്നത്? ദാരിദ്ര്യത്തിന്റെ ആധിക്യത്തിനു കാരണക്കാർ ആരാണ്? സത്യസന്ധമായ കാര്യവിചാരകത്വത്തെക്കുറിച്ചു എലൈൻ ജി. വൈറ്റ് എന്തു പറയുന്നു?

2. പാപം തകർച്ച ഉളവാക്കിയെങ്കിലും സഹസ്രാബ്ദങ്ങൾക്കുശേഷവും സൃഷ്ടിയുടെ നന്മ ദർശിക്കുവാൻ നമുക്കു എങ്ങനെ സാദ്ധ്യമാണ്? സ്രഷ്ടാവായ ദൈവത്തിൽ വിശ്വസിക്കുന്നവർ എന്ന നിലയിൽ ദൈവസൃഷ്ടിയുടെ നന്മ കാണുവാൻ മറ്റുള്ളവരെ എങ്ങനെ സഹായിക്കുവാൻ നമുക്കു കഴിയും.

3. കാര്യവിചാരകൻ എന്ന പദത്തെക്കുറിച്ചു നിങ്ങൾ എന്തു മനസ്സിലാക്കുന്നു? ദൈവത്താൽ വിളിക്കപ്പെട്ടവരായ നിങ്ങൾ ഇതു സംബന്ധിച്ചു ഈ പാഠത്തിൽ എന്തു പഠിച്ചു?

4. ദൈവം സൃഷ്ടിച്ചു സ്നേഹിക്കുന്ന മനുഷ്യരോടുള്ള നമ്മുടെ ബന്ധത്തിലും പെരുമാറ്റത്തിലും എന്തുമാറ്റങ്ങൾ ആവശ്യം ആയിരിക്കുന്നു?

**സംഗ്രഹം:** ദൈവം നല്ലതും സമ്പൂർണ്ണവുമായ ഒരുലോകം സൃഷ്ടിച്ചു തന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ അതിന്റെ സംരക്ഷണത്തിനും പരിചരണത്തിനുമായി നിയോഗിച്ചു. ദൈവം നമുക്കായി ഉദ്ദേശിച്ച ആദിമ ബന്ധങ്ങളെ പാപം തകർത്തെങ്കിലും, സൃഷ്ടിയുടെ നന്മയ്ക്കു കാര്യവിചാരകരായും സഹമനുഷ്യജീവികൾക്കു പരിരക്ഷകരായും ഉള്ള ഒരു പങ്കു ഇനിയും നമുക്കു നിർവ്വഹിക്കുവാനുണ്ട്. ഈ കർത്തവ്യം നിർവ്വഹിക്കുന്നതു ദൈവത്തെ സ്രഷ്ടാവായി ബഹുമാനിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്.

***